## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2334 — 05.12.2018 ൽ മറുപടിയ്ക്ക്

## കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആന്റ് ഡെവലപ്പ്മെന്റ്

**ചോദ്യം**

പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ

**ഉത്തരം**

ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആന്റ് ഡെവലപ്മെന്റ് (സി.എഫ്.ആർ.ഡി) എന്ന സ്ഥാപനത്തിന് 2016-17, 2017-18, 2018-19 വർഷങ്ങളിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതം എത്രയായിരുന്നു; ബഡ്ജറ്റ് വിഹിതത്തിൽ നിന്ന് എത്ര രൂപ ചെലവാക്കി; അറിയിക്കുമോ; | (എ) | വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) | പ്രസ്തുത വിഹിതത്തിൽ നിന്ന് ഏതെല്ലാം പരിപാടികൾക്കാണ് തുക ചെലവാക്കിയതെന്നും ബാക്കി തുക എത്രയെന്നും വ്യക്തമാക്കുമോ; | (ബി) | വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു. |
| (സി) | സി.എഫ്.ഡി.ആർ.എൽ 2016-2018 വരെ നടത്തിയ പരീക്ഷണങ്ങളെക്കുറിച്ചും പരിശോധനകളെക്കുറിച്ചും വ്യക്തമായ വിവരം ലഭ്യമാക്കുമോ; | (സി) | സി.എഫ്.ആർ.ഡിയുടെ കീഴിലുള്ള ഫുഡ് ക്വാളിറ്റി മോണിട്ടറിംഗ് ലാബിൽ 2016 ജനുവരി മുതൽ 2018 ഒക്ടോബർ വരെയുള്ള കാലയളവിൽ ആകെ 6627 സാമ്പിളുകൾ പരിശോധിക്കുകയും അതിൽനിന്നും 1,17,94,507/- രൂപ പരിശോധനാഫീസായി ലഭിക്കുകയും ചെയ്തു. ഇതിൽ 3438 സാമ്പിളുകൾ സപ്ലൈകോയിൽ നിന്നും, 3189 സാമ്പിളുകൾ സ്വകാര്യ സ്ഥാപനങ്ങൾ/ വ്യക്തികളിൽ നിന്നും ലഭിച്ചതാണ്. പയറുവർഗ്ഗങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ, കറി പൗഡറുകൾ, ശർക്കര, കുടിവെള്ളം, എണ്ണ, പാലും പാലുല്പന്നങ്ങളും, സ്ക്വാഷ്, ജാം, വൈൻ, പോഷകാഹാര പൊടി, ചോക്ലേറ്റ്, പപ്പടം, പഴം, പച്ചക്കറി, വിനാഗിരി, കേക്ക്, തേൻ, മത്സ്യവും മത്സ്യവിഭവങ്ങളും, ഉപ്പ്, ബേക്കറി ഉത്പന്നങ്ങൾ, പഞ്ചസാര, തേയില, കാപ്പിപ്പൊടി, അച്ചാർ, കായപ്പൊടി/കായം |

| | | | |
|---|---|---|---|
| | | | ഇവയാണ്. പരിശോധിച്ച ഭക്ഷ്യ വസ്തുക്കൾ 633 സാമ്പിളുകൾ ഗുണനിലവാരം കുറഞ്ഞതാണെന്ന് കണ്ടെത്തിയിട്ടുണ്ട്.<br>കേരളത്തിലെ എല്ലാ ജില്ലകളിൽനിന്നും 5376 സാമ്പിളുകൾ ശേഖരിച്ച് ഒരു ഫുഡ് സേഫ്റ്റി സർവ്വേ നടത്തി. അതിൽ 4486 എണ്ണം ഭക്ഷ്യസാമ്പിളുകളും 615 എണ്ണം വാട്ടർ സാമ്പിളുകളും ആയിരുന്നു. 12.85 % സാമ്പിളുകൾ ഗുണനിലവാരം കുറഞ്ഞതാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഭക്ഷ്യവസ്തുക്കളെ റെഡി ടു ഈറ്റ്, റെഡി ടു കുക്ക്, റെഡി ടു ഡ്രിങ്ക്, ഹോട്ടൽ ഭക്ഷണം, പച്ചക്കറി, വാട്ടർ എന്നീ രീതിയിൽ തരം തിരിച്ചാണ് പഠനം നടത്തിയത്. |
| (ഡി) | പ്രസ്തുത സ്ഥാപനത്തിലെ നിലവിലെ തസ്തികകൾ ഏതെല്ലാമെന്നും ഇതിൽ എത്ര പേർ സ്ഥിരം ജീവനക്കാരെന്നും താൽക്കാലിക ജീവനക്കാർ എത്രയെന്നും വ്യക്തമാക്കുമോ; | (ഡി) | ചീഫ് അനലിസ്റ്റ് സ്ഥിരം ജീവനക്കാരിയും, 31 പേർ കരാർ ജീവനക്കാരും, 6 പേർ ദിവസ വേതന അടിസ്ഥാനത്തിലുള്ളവരും, 2 പേർ സപ്ലൈകോയിൽ നിന്ന് വർക്കിംഗ് അറേഞ്ച്മെന്റിൽ ജൂനിയർ അസിസ്റ്റന്റ് ആയി ജോലി ചെയ്യുന്നവരുമാണ്. നിലവിലെ തസ്തികകൾ സംബന്ധിച്ച വിശദ വിവരങ്ങൾ അനുബന്ധം 3 ആയി ചേർക്കുന്നു. |
| (ഇ) | ഈ സ്ഥാപനം നഗരങ്ങളിൽ നിന്ന് വളരെ അകലെയായതിനാൽ പരീക്ഷണങ്ങളും പരിശോധനകളും നടക്കുന്നില്ലെന്ന കാര്യം പരിശോധിക്കുമോ; വിശദമായ വിവരം ലഭ്യമാക്കുമോ? | (എഫ്) | സ്ഥാപനം നഗരങ്ങളിൽ നിന്ന് അകലെയാണെങ്കിലും പരീക്ഷണങ്ങളും പരിശോധനകളും കാര്യക്ഷമമായി നടക്കുന്നുണ്ട്. പൊതുജനങ്ങളുടെ ഇടയിൽ പരമാവധി അവബോധം സ്ഥാപനത്തെ സംബന്ധിച്ച് സൃഷ്ടിച്ച് സ്ഥാപനത്തിന്റെ സേവനങ്ങൾ പ്രയോജനകരമായി നിർവ്വഹിക്കാനുള്ള ശ്രമങ്ങൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം - 1

| വർഷം | ബഡ്ജറ്റ് വിഹിതം | ചെലവഴിച്ച തുക |
|---|---|---|
| 2016-17 | 600 ലക്ഷം | 109 ലക്ഷം |
| 2017-18 | 650 ലക്ഷം | 16 ലക്ഷം |
| 2018-19 | 600 ലക്ഷം | ചെലവഴിച്ചിട്ടില്ല |

സെക്ഷൻ ഓഫീസർ

# അനുബന്ധം - 2

| വർഷം | തുക ചെലവഴിച്ച പദ്ധതിയുടെ പേര് | ബാക്കി തുക |
|---|---|---|
| 2016-17 | 1. സ്കൂൾ ഓഫ് ഫുഡ് ബിസിനസ് മാനേജ്മെന്റ് | 48 ലക്ഷം |
| | 2. ട്രെയിനിംഗ് പ്രോഗ്രാം ഓൺ ബേസിക് ഫുഡ് ഹൈജീൻ, ഗുഡ് മാനുഫാക്ചറിംഗ് പ്രാക്ടീസ്, വാല്യു അഡീഷൻ ആന്റ് ഫുഡ് സേഫ്റ്റി. | 38 ലക്ഷം |
| | 3. ഡ്രഗ് ടെസ്റ്റിംഗ് ലാബ് നിർമ്മാണം | തുക അനുവദിക്കുകയോ ചെലവഴിക്കുകയോ ചെയ്തിട്ടില്ല. |
| | 4. ഇലഞ്ഞിയിലെ ഡീഹൈഡ്രേഷൻ യൂണിറ്റ് ആന്റ് ചിൽഡ് സ്റ്റോറേജ് | |
| | 5. ഫുഡ് പാർക്ക് | |
| 2017-18 | 1. സ്കൂൾ ഓഫ് ഫുഡ് ബിസിനസ് മാനേജ്മെന്റ് | തുക അനുവദിക്കുകയോ ചെലവഴിക്കുകയോ ചെയ്തിട്ടില്ല. |
| | 2 ഫുഡ് സേഫ്റ്റി സർവ്വേ ഓഫ് വെജിറ്റേറിയൻ ആന്റ് നോൺവെജിറ്റേറിയൻ ഫുഡ് ഐറ്റംസ് | 12.60 ലക്ഷം |
| | 3. ട്രെയിനിംഗ് പ്രോഗ്രാം ഓൺ വാല്യു അഡീഷൻ ആന്റ് ഫുഡ് സേഫ്റ്റി ഫോർ എന്റർപ്രണർഷിപ്പ് | 23 ലക്ഷം |
| | 4. സെന്റർ ഫോർ വാല്യു ആഡഡ് പ്രോഡക്ട്സ് ഡെവലപ്മെന്റ് ആന്റ് ഡെമോൺസ്ട്രേഷൻ | 121.5 ലക്ഷം |
| 2018-19 | 1. കോളേജ് ഓഫ് ഇൻഡിജിനസ് ഫുഡ് ടെക്നോളജിക്ക് കോൺഫറൻസ് ഹാൾ, ലൈബ്രറി ആന്റ് റീഡിംഗ് റൂം, | തുക ഇതുവരെ അനുവദിച്ചു നൽകിയിട്ടില്ല. |
| | 2. മിനി ഇൻക്യുബേഷൻ സെന്ററും ട്രെയിനീസ് ഹോസ്റ്റലും ഫർണിഷിംഗ് | |
| | 3. ഡ്രഗ് ടെസ്റ്റിംഗ് ലാബ്, കമ്മിറ്റി റൂം ഫർണിഷിംഗ് | |
| | 4. സി.എഫ്.ആർ.ഡി ജീവനക്കാർക്ക് സ്റ്റാഫ് ക്വാർട്ടേഴ്സ് | |
| | 5. മൂന്ന് റീജിയണൽ ലാബുകളുടെ നിർമ്മാണം | |

സെക്ഷൻ ഓഫീസർ

## അനുബന്ധം - 3

| ക്രമ നമ്പർ | തസ്തിക | എണ്ണം |
|---|---|---|
| 1 | ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ (ഐ.എ.എസ്_ തസ്തിക) | 1 |
| 2 | ഡയറക്ടർ | 1 |
| 3 | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | 1 |
| 4 | ചീഫ് അനലിസ്റ്റ് | 1 |
| 5 | സീനിയർ അനലിസ്റ്റ് | 1 |
| 6 | പ്രിൻസിപ്പാൾ | 1 |
| 7 | ട്രെയിനിംഗ് കോ-ഓർഡിനേറ്റർ | 1 |
| 8 | ജൂനിയർ അനലിസ്റ്റ് | 12 |
| 9 | ലക്ചറർ | 7 |
| 10 | ഗസ്റ്റ് ലക്ചറർ | 3 |
| 11 | ലാബ് അസിസ്റ്റന്റ് | 1 |
| 12 | ജൂനിയർ മാനേജർ (അക്കൗണ്ട്സ്) | 1 |
| 13 | ഓഫീസ് അസിസ്റ്റന്റ് | 3 |
| 14 | ടൈപ്പിസ്റ്റ് | 2 |
| 15 | ഡ്രൈവർ കം അറ്റൻഡന്റ് | 2 |
| 16 | അസിസ്റ്റന്റ് | 2 |
| | ആകെ | 40 |

സെക്ഷൻ ഓഫീസർ